കാരാട്ട് തൊടിയിൽ കമ്മു മാസ്റ്ററുടെ (1931-2019) ചരിത്രം പറയുമ്പോൾ അത് മൂച്ചിക്കടവൻ പൈക്കാട്ട് കുടുംബത്തിന്റെ ചരിത്രമെന്നതിലുപരി അമ്പലമാടിന്റെ, ഇരിങ്ങല്ലൂരിന്റെ, പറപ്പൂർ പഞ്ചായത്തിന്റെ എന്നല്ല, മൂന്നിയൂർ പഞ്ചായത്തിലെ മുള്ളൻകുഴി എന്ന കൊച്ചു ഗ്രാമത്തിന്റെ കൂടി ചരിത്രമായിരിക്കും. എന്തിന്, സൗദി അറേബ്യയിലെ അൽ-ഖസ്സീം എന്ന ചെറു നഗരവും പരാമർശിക്കാതിരിക്കാൻ കഴിയില്ല മാഷിനെ കുറിച്ചു പറയുമ്പോൾ .

ആയിരത്തി തൊള്ളായിരത്തി മുപ്പത്തി ഒന്നിൽ മൂച്ചിക്കടവൻ പൈക്കാട്ട് കുഞ്ഞാൻ കുട്ടി എന്ന കുഞ്ഞിമായിൻ - മൂന്നിയൂർ കളിയാട്ട മുക്കിലെ പടിഞ്ഞാറെപീടിയേക്കൽ മൊയ്തീൻ കുട്ടിയുടെ മകൾ പാത്തുമ്മ കുട്ടി ദമ്പതികളുടെ മകനായി ജനിച്ച മാസ്റ്റർക്ക്, തന്റെ മൂന്നാം വയസ്സിൽ പിതാവിനെയും പന്ത്രണ്ടാം വയസ്സിൽ പിതാമഹനെയും നഷ്ടപ്പെട്ടു.



മൂന്നാം വയസ്സിൽ പിതാവ് മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഏക സഹോദരിക്ക് പ്രായം ഒരു വയസ്സിനു താഴെ മാത്രം. തമിഴ്നാട്ടിലെ ഗൂഡല്ലൂരിൽ വെള്ളക്കാരിൽ നിന്ന് എസ്റ്റേറ്റ് പാട്ടത്തിനു എടുത്തു നടത്തുകയായിരുന്നു പിതാവ് കുഞ്ഞാൻ കുട്ടി. നാട്ടിൽ നിന്നും ധാരാളം ആളുകളെ എസ്റ്റേറ്റിലെ ജോലിക്കായി കുഞ്ഞാൻ കുട്ടി സാഹിബ് കൂടെ കൂട്ടിയിരുന്നു, അത് കൊണ്ട് തന്നെ നാട്ടിൽ പോയിരുന്നത് വല്ലപ്പോഴുമായിരുന്നെങ്കിലും അദ്ദേഹത്തിനു വലിയ പ്രയാസം അനുഭവപ്പെട്ടിരുന്നില്ല. കാലം ആയിരത്തി തൊള്ളായിരത്തി മുപ്പതുകളാണ്, പറയത്തക്ക ഗതാഗത സംവിധാനങ്ങൾ ഇല്ലാതിരുന്ന കാലം, അതും നാടുകാണി ചുരമിറങ്ങി വേണം നാട്ടിലെത്താൻ. അക്കാലത്ത് പടർന്നു പിടിച്ച ഏതോ വൈറൽ പനി കുഞ്ഞാൻ കുട്ടി സാഹിബിനെയും കീഴടക്കി. ഭൗതിക ശരീരം നാട്ടിലെത്തിക്കുക ക്ഷിപ്രസാധ്യമായിരുന്നില്ല, കൂടാതെ വൃദ്ധനായ പിതാവും രണ്ടര വയസ്സുള്ള മകനുമല്ലാതെ അദ്ദേഹത്തിനു മറ്റാരും അത്തരം കാര്യങ്ങൾ നിർവ്വഹിക്കാൻ ഉണ്ടായിരുന്നില്ല നാട്ടിൽ. കുടുംബത്തിലും അത്ര ദൂരം ചെന്ന് മൃത ദേഹം കൊണ്ട്  വരാൻ പ്രാപ്തിയുള്ളവർ ഉണ്ടായിരുന്നില്ല എന്ന് വേണം മനസ്സിലാക്കാൻ.

പിതാമഹൻ (അദ്ദേഹത്തിന്റെ പേരും കമ്മു എന്ന് തന്നെ ആയിരുന്നു) ജീവിച്ചിരുന്നത് കൊണ്ട്, കൊച്ചു കമ്മുവും സഹോദരിയും മാതാവും സുരക്ഷിതരായിരുന്നു, പിതാമഹൻ സാമ്പത്തികമായി ഭേദപ്പെട്ട നിലയിലായിരുന്നതിനാൽ കുടുംബം അല്ലലില്ലാതെ ജീവിച്ചു പോന്നു.

പക്ഷെ ആ അല്ലലില്ലായ്മ അധിക കാലം നീണ്ടു നിന്നില്ല, ആയിരത്തി തൊള്ളായിരത്തി നാല്പത്തിമൂന്നിൽ, മാഷിന്റെ പന്ത്രണ്ടാം വയസ്സിൽ പിതാമഹനും യാത്രയായി. ഭൂസ്വത്തുക്കൾ ഉണ്ടായിരുന്നെങ്കിലും പതിനൊന്ന് വയസ്സുള്ള സഹോദരിയും ഇരുപതുകളിൽ തന്നെ വിധവയായ മാതാവും ആയി ഇരിങ്ങല്ലൂരിലെ വീട്ടിൽ താമസിക്കുന്ന കാര്യം അക്കാലത്ത് അചിന്ത്യമായിരുന്നു. മൂന്നിയൂർ കളിയാട്ട മുക്കിൽ സഹോദരങ്ങളും മക്കളും ഉണ്ടായിരുന്നെങ്കിലും ആസ്തി വകകളൊന്നും അവിടെ മാതാവിനുണ്ടായിരുന്നില്ല. പക്ഷെ മാതാമഹിയുടെ നാട്ടിൽ, മൂന്നിയൂർ കുന്നത്ത് പറമ്പ് മുള്ളൻകുഴിയിൽ ഉണ്ടായിരുന്ന, ചെറുകരയെന്ന വീടും പറമ്പും അവരെ തുണച്ചു. ആ പൈതൃക സ്വത്ത് വിൽക്കാതെ സൂക്ഷിച്ചത് അവർക്കനുഗ്രഹമായി. അങ്ങിനെയാണ് മാഷും കുടുംബവും മൂന്നിയൂരിലെ ചെരുകരയിലേക്ക് ആയിരത്തി തൊള്ളായിരത്തി നാല്പത്തിമൂന്നിൽ തന്നെ താമസം മാറുന്നത്. കാരാട്ട് തൊടിയിലെ ജീവിതത്തോളം എളുപ്പമായിരുന്നില്ല ചെരുകരയിലെങ്കിലും ബന്ധുക്കളുടെയും നാട്ടുകാരുടെയും അകമഴിഞ്ഞ സഹകരമുണ്ടായിരുന്നത് കൊണ്ട് പിന്നീടുള്ള പതിനഞ്ചു വർഷത്തോളം അവർ താമസിച്ചത് ചെരുകരയിലായിരുന്നു.

മാഷും കുടുംബവും ഒഴിഞ്ഞ കാരാട്ട് തൊടി വീട്ടിൽ, അവരുടെ അഭാവത്തിൽ ബന്ധുവായ കുഞ്ഞാലൻ മാസ്റ്ററും കുടുംബവുമടക്കം നാലോളം കുടുംബങ്ങൾ താമസിച്ചിരുന്നു.



മാസ്റ്റർ പക്ഷെ തീഷ്ണ സാഹജര്യങ്ങളെ സധൈര്യം നേരിട്ടു, മുള്ളങ്കുഴി ഗ്രാമത്തിൽ നിന്നും മലപ്പുറം നഗരത്തിലേക്ക് യാത്ര ചെയ്ത് ടീച്ചേഴ്സ് ട്രൈനിംഗ് പൂർത്തിയാക്കി, പാസ്സായി, ഇരിങ്ങല്ലൂർ ഈസ്റ്റ് എ.എം.എൽ.പി. സ്കൂളിലെ ജോലിയുമായി സ്വദേശത്തേക്ക് മടങ്ങി. അപ്പോഴേക്കും പക്ഷെ ആ നാട്ടുകാരിൽ ഒരാളായി മാറിയിരുന്ന മാഷിന്റെ മരണം വരെ അവശേഷിച്ചിരുന്ന അന്നാട്ടിലെ അദ്ദേഹത്തിന്റെ ബന്ധുക്കളും സമകാലികരും സന്ദർശകരായുണ്ടായിരുന്നു.

പഠന കാലത്ത് തന്നെ അക്കാലത്തെ സമ്പ്രദായമനുസരിച്ച് ഏക സഹോദരിയുടെ വിവാഹം എന്ന ഭാരിച്ച ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടി വന്നു അദ്ദേഹത്തിന്. സ്വന്തം മാതൃ സഹോദരീ പുത്രൻതന്നെയാണ് സഹോദരിയെ വിവാഹം കഴിച്ചത് എന്നിരിക്കിലും. എല്ലാ മനുഷ്യരെയും പോലെ നിലപാടുകൾ രൂപപ്പെടുന്ന കൗമാരം അദ്ദേഹം ചിലവഴിച്ച മൂന്നിയൂരിലെ സാമൂഹ്യ രാഷ്ട്രീയ ചുറ്റുപാടുകൾ അദ്ദേഹത്തിന്റെ പിൽക്കാല നിലപാടുകളെയും സ്വാധീനിച്ചു. പരമ്പരാഗത കോണ്ഗ്രസ് കുടുംബമായിരുന്ന

മൂചിക്കടവൻ പൈക്കാട്ട് കുടുംബത്തിലേക്ക് പക്ഷെ അദ്ദേഹം തിരിച്ചു വന്നത് മുസ്ലിം ലീഗിന്റെ സ്വത്വ രാഷ്ട്രീയവുമായിട്ടായിരുന്നു. ഇക്കാര്യം മാസ്റ്ററുടെ പിൽക്കാല ജീവിതത്തിൽ ചെറുതല്ലാത്ത പ്രതിസന്ധികളാണ് ഉണ്ടാക്കിയത് എന്ന് പറഞ്ഞാൽ അത് അതിശയോക്തി ആവില്ല.

വർഷങ്ങൾക്ക് ശേഷം പൈതൃക സ്വത്ത് കയ്യാളാൻ വന്ന മാഷിന് പക്ഷെ കാര്യങ്ങൾ അത്ര എളുപ്പമായിരുന്നില്ല. വിവാഹവും കുടുംബവും പൊതു പ്രവർത്തനവും സർവ്വോപാരി സമ്പത്തിന്റെ കാര്യത്തിൽ കർക്കശക്കാരനായിരുന്ന ഒരു പിതൃ സഹോദരീ പുത്രനും അദ്ദേഹത്തിന്റെ ജീവിതം ദുസ്സഹമാക്കി. പല തവണ പിതൃ സഹോദരീ പുത്രനുമായി കയ്യാങ്കളിയോളം എത്തിയ പ്രതിസന്ധി, 1967 ലെ ഒരു സ്കൂൾ പ്രവർത്തി ദിനത്തിൽ, തന്റെ ഉമ്മ ഉപദ്രവിക്കപ്പെട്ടു എന്ന് അയൽവാസി വന്നറിയിച്ചതും മാസ്റ്റർ സ്കൂളിൽ നിന്നുമിറങ്ങി വീടിന്റെ പരിസരത്ത് മച്ചുനനുമായി മുഖാമുഖം കണ്ടു, ആയുധ ധാരിയായ മച്ചുനനും നിരായുധനായ മാഷും! ആഴത്തിൽ കുത്തേറ്റ മാസ്റ്റർ കോഴിക്കോട് മെഡിക്കൽ കോളേജിലെ മാസങ്ങൾ നീണ്ട ചികിസക്ക് ശേഷം തിരിച്ചു വന്നത് ഒരു രണ്ടാം ജന്മത്തിലേക്കായിരുന്നു. ആ രക്തരൂക്ഷിത സംഭവത്തിൽ തനിക്കു തുണയായി ഉണ്ടായിരുന്ന, അന്ന് കൈക്ക് സാരമായി കുത്തേറ്റ കോട്ടാട്ടിൽ അയമു ഹാജിയെയും പാറക്കൽ അത്തു എന്ന മുഹമ്മദ് കാക്കയേയും പിന്നീട് പലപ്പോഴും വികാരാധീനനായിക്കൊണ്ടല്ലാതെ മാഷ് ഓർക്കാറില്ലായിരുന്നു (ഇവരിൽ അയമു ഹാജി മാസ്റ്ററുടെ വകയിൽ ജ്യേഷ്ഠ സഹോദരനും കൂടിയായിരുന്നു).

കുടുംബത്തിൽ നിന്നും വേറിട്ട രാഷ്ട്രീയ നിലപാട് സ്വീകരിക്കുക മാത്രമല്ല, മുസ്ലിം ലീഗിൽ വാർഡ് തലം മുതൽ ജില്ലാ കമ്മറ്റി വരെ പ്രവർത്തിച്ചിരുന്ന മാസ്റ്റർ പ്രദേശത്ത് രാഷ്ട്രീയമായി മുൻ നിരയിൽ തന്നെ ഉണ്ടായിരുന്നു. ഇത് സ്വാഭാവികമായും കുടുംബത്തിലെ മിക്ക ആളുകളുടെയും നീരസത്തിനും നിസ്സഹകരണത്തിനും കാരണമായി. നിലപാടുകളിൽ വെള്ളം ചേർക്കാൻ പക്ഷെ ആദർശശാലിയായ മാസ്റ്റർ തയ്യാറായിരുന്നില്ല. ആ നിസ്സഹകരണം പതിറ്റാണ്ടുകൾ കഴിഞ്ഞു മാസ്റ്റർ പ്രവാസ ജീവിതം മതിയാക്കി വിശ്രമ നയിക്കുന്ന കാലത്തോളം തുർന്നു.

അക്കാലത്തെ കുറിച്ച് മാസ്റ്റർ പലപ്പോഴും പറയാറുണ്ടായിരുന്നു, ബഹുജന പിന്തുണയില്ലാത്ത രാഷ്ട്രീയ പ്രവർത്തനം അതീവ ദുഷ്കരമായിരുന്നു എന്ന്. രാഷ്ട്രീയ പ്രവർത്തനത്തിനു ആകെ കൂട്ടുണ്ടായിരുന്നത് അദ്ദേഹത്തിന്റെ സമകാലികനായിരുന്ന ഇരിങ്ങല്ലൂർ പാലാണിയിലെ മൂച്ചിക്കാടൻ മമ്മുദു ഹാജി മാത്രമാണെന്ന് (ഇവർക്ക് പൊതു പൂർവികൻ ഉണ്ടായിരുന്നു എന്ന്

പുസ്തകത്തിന്റെ ആമുഖത്തിൽ കാണാം). ഇരിങ്ങല്ലൂരിന്റെ പടിഞ്ഞാറെ ഭാഗത്ത് പക്ഷെ മാസ്റ്റർക്ക്, ഒരേ പൂർവിക നാമം പങ്കിടുന്ന കേക്കാനിൽ കമ്മു സാഹിബിന്റെ നിരുപാധിക പിന്തുണ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെയും മാസ്റ്റർ സഹോദര സമാനനായി കണ്ടിരുന്ന സുഹൃത്ത് കറുമണ്ണിൽ ബാപ്പു ഹാജിയുടെയും പിന്തുണയോടെയാണ് മാസ്റ്റർ അക്കാലത്ത് നാമനിർദ്ദേശക രൂപമുണ്ടായിരുന്ന പഞ്ചായത്ത് ബോഡിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

നിലപാടികളിലെ കാർക്കശ്യം മാഷിന് ആവശ്യത്തിലധികം ശത്രുക്കളെ ഉണ്ടാക്കി കൊടുത്തു എന്നതൊരു വസ്തുതയാണ്. പക്ഷെ അതൊന്നും വ്യക്തി പരമായിരുന്നില്ല, മറു പക്ഷത്തുള്ളവർക്കത് മനസ്സിലായില്ലെങ്കിലും. അത് കൊണ്ടായിരിക്കുമല്ലോ സ്വന്തം ജീവൻ കത്തിയിൽ കോർത്ത മച്ചുനനെ പിൽക്കാലത്ത് തന്റെ മകന്റെ കല്യാണം വിളിക്കാൻ നേരിൽ പോയത്, ഉറ്റ സുഹൃത്തായിരുന്ന ചാലിൽ അബ്ദുള്ള മാസ്റ്ററോട് നിലപാടുകളുടെ പേരിൽ തെറ്റിയപ്പോഴും, സുഹൃത്ത് രോഗ ശയ്യയിലായിരുന്നപ്പോൾ ഇടയ്ക്കിടെ മകനെ പറഞ്ഞയക്കുകയും വിവരങ്ങളറിയുകയും ചെയ്തിരുന്നത്. തികഞ്ഞ മനുഷ്യ സ്നേഹിയും ദയാലുവുമായിരുന്ന മാസ്റ്ററിലെ അധ്യാപകനെ വേറിട്ട് നിർത്തുന്നത്, അദ്ദേഹത്തിനു വിദ്യാർത്ഥികളുമായി ഉണ്ടായിരുന്ന ആത്മ ബന്ധമാണ്. ഓസ്റ്റിയോ ആർത്രൈറ്റിസ് (Osteoarthritis) കാൽമുട്ടുകളെ സമ്പൂർണ്ണമായും പ്രയോജന രഹിതമാക്കിയിട്ടും നിശ്ചയദാർഢ്യം ഒന്ന് കൊണ്ട് മാത്രം എഴുന്നേറ്റ് നടന്നിരുന്ന അദ്ദേഹം, അവസാന വർഷങ്ങളിൽ വീൽചെയറിലും ശയ്യാവലംബിയും ആയിരുന്നു. ആ സമയങ്ങളിലും തന്നെ സന്ദർശിക്കുന്ന പഴയ വിദ്യാർത്ഥികളോട് അവരുടെ വീട്ടിൽ ഉണ്ടായിരുന്ന



2016-ലെ അധ്യാപക ദിനത്തിൽ ഇരിങ്ങല്ലൂർ ഈസ്റ്റ് AMLP സ്കൂളിന്റെ സാരഥികൾ മാഷെ പൊന്നാട അണിയിച്ചപ്പോൾ

ഓരോരുത്തരെയും ഓർത്തെടുത്ത് ചോദിക്കുന്നത് കേൾക്കാമായിരുന്നു. ഒരിക്കൽ വേങ്ങര അങ്ങാടിയിൽ കൂടി നടക്കവെ, ഒരു പ്രൈവറ്റ് ലൈൻ ബസ് നിർത്തി ഡ്രൈവർ ഇറങ്ങി വന്നു അദ്ദേഹത്തെ ആലിംഗനം ചെയ്യുന്നു!! അടുത്ത നിമിഷം തന്നെ "സലാം മാഷേ" എന്ന് തിരിച്ചു ഓടി ബസ്സിൽ കയറുന്നതിനിടയിൽ ഡ്രൈവർ വിളിച്ചു പറയുന്നുണ്ടായുരുന്നു. അതാരാണെന്ന ചോദ്യത്തിനു മാഷ് പറഞ്ഞ ഉത്തരം "അയാളുടെ പേരോ, നാടോ, മറ്റൊന്നുമോ എനിക്കറിയില്ല, പണ്ട് അൽ ഖസീമിലെ പൊരി വെയിലത്ത് ഏതോ മസ്റഅയിൽ(കൃഷിയിടം) നിന്ന് ഒളിച്ചോടി വന്നു വിശന്നു വലഞ്ഞിരുന്ന അയാൾക്ക് ഞാനൊരു നേരത്തെ ഭക്ഷണം വാങ്ങി കൊടുത്തിട്ടുണ്ട്", മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുന്ന നിമിഷം!!!

പുസ്തകങ്ങളുടെ ഒരു വലിയ ശേഖരം തന്നെ ഉണ്ടായിരുന്നു അദ്ദേഹത്തിനു, മിക്കവാറും ഇസ്ലാമിക വൈജ്ഞാനികങ്ങളായിരുന്നെങ്കിലും. ശയ്യാവലംബി ആകുവോളം അദ്ദേഹം വായിച്ചിരുന്നു, പലപ്പോഴും അസൂയ തോന്നിയിരുന്നു, ഇപ്രായത്തിലും വായിക്കാൻ കഴിയുന്ന മാഷിനോട്.

മാസ്റ്റർ രണ്ടാമത് വിവാഹം കഴിച്ച പാലത്തിങ്ങൽ സ്വദേശി പാട്ടശ്ശേരി തായുമ്മക്കുട്ടിയും (ആദ്യം മാസ്റ്റർ വലിയോറ സ്വദേശി പട്ടർകടവൻ ആമിക്കുട്ടിയെ വിവാഹം കഴിക്കുകയും ഒരു പെൺ കുട്ടിയുണ്ടായ ശേഷം വിവാഹ മോചനം ചെയ്യുകയുമായിരുന്നു) ഒരേ വ്യക്തിയുടെ പേരക്കുട്ടികളുടെ പേരക്കുട്ടികളായിരുന്നു! കല്ലൻകുന്നൻ കമ്മു എന്ന കേക്കാനിൽ കമ്മു സാഹിബിന്റെ (മാഷിന്റെ സമകാലികനായിരുന്ന കമ്മു കാക്കയുടെ പിതാമഹൻ) മകളുടെ മകന്റെ മകന്റെ മകനായിരുന്ന മാസ്റ്റർ വിവാഹം ചെയ്ത തായുമ്മകുട്ടി അതേ കമ്മു സാഹിബിന്റെ മകന്റെ മകന്റെ മകളുടെ മകളായിരുന്നു എന്നത് തികച്ചും യാദൃശ്ചികമായിരിക്കാം.

അറുപതുകളിലും മറ്റും അമ്പലമാട്ടിലെ HUM മദ്രസ ഒൺമാൻഷോ ആയി നടത്തിക്കൊണ്ടു പോയിരുന്ന മാസ്റ്റർ, പ്രവാസ ജീവിതത്തിനു ശേഷമായിരിക്കണം സലഫി ആശയവുമായയും മൗദൂദി ആശയവുമായും അടുപ്പം പുലർത്തിയിരുന്നു. 1992 നു ശേഷം അദ്ദേഹം മുസ്ലിം ലീഗിൽ നിന്നും വിട്ടു നിന്നിരുന്നു.

ആദ്യ വിവാഹത്തിലെതടക്കം നാല് പെണ്ണും ഒരു ആണുമായി അഞ്ചു മക്കളാണ് മാഷിന്. ഇളയ മകൾ ആയിശ “ആയിശ ചെറുമുക്ക്” എന്ന പേരിൽ സലഫി വേദികളിലെ നിറ സാന്നിധ്യമാണ്.

മാഷെക്കുറിച്ച് പറഞ്ഞവസാനിപ്പിക്കുമ്പോൾ പരാമർശിക്കാതിരിക്കാൻ കഴിയാത്ത രണ്ട് പേരുകളുണ്ട്, പട്ടയിൽ കുഞ്ഞയ്യപ്പനും(Late), അദ്ദേഹത്തിന്റെ സഹോദര പുത്രൻ തെയ്യുണ്ണിയും(ചെറിയ). ഇണങ്ങിയും പിണങ്ങിയും കലഹിച്ചും എന്നും ജീവിച്ചവർ, പക്ഷെ ഒരിക്കലും മൂന്ന് പേരും അതിന്റെ പേരിൽ പരിഭവിചിരുന്നത് കണ്ടിട്ടില്ല. സമ പ്രായക്കാരും, അയൽക്കാരും, കളിക്കൂട്ടുകാരുമായിരുന്നു മാഷും കുഞ്ഞയ്യപ്പനും. മാഷാണ് ആദ്യം പോയത്, മരിക്കുവോളം എതാണ്ട് എല്ലാ ദിവസവും കുഞ്ഞയ്യപ്പൻ മാഷെ സന്ദർശിക്കുമായിരൂന്നു, കുറെ കുശലം പറയും, പിന്നെ കുറെ കലഹിക്കും, പിന്നെയും കുശലം പറയും!!!!.